62154

# നിരക്ഷര കേരളം

## കേരളത്തിലെ നിരക്ഷരത്വപ്രശ്നവും അതിന്റെ പരിഹാരവും

എൻ. വി. കൃഷ്ണവാരിയർ

കേരളത്തെപ്പററി മറെറാന്നും അറിയാത്തവർ പോലും, ഇന്ത്യയിൽവെച്ച് ഏററവും ഉയർന്ന സാക്ഷരതാശതമാനമുള്ള സ്റ്റേററാണ് ഇതെന്ന് മനസ്സിലാക്കിയിരിക്കും. കേരളത്തിലെ ഏററവും രൂക്ഷമായ പ്രശ്നം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണെന്ന ധാരണയും ഏറെക്കുറെ സാർവത്രികമാണ്. പ്രാഥമിക വിദ്യാഭ്യാസപ്രായമായ ആറു മുതൽ പതിനൊന്നു വരെ വയസ്സിൽ ഉള്ള കുട്ടികളിൽ നൂറു ശതമാനമല്ല, നൂറെറട്ടു ശതമാനം, കേരളത്തിൽ സ്കൂളുകളിൽ പഠിക്കുകയാണെന്ന വിദ്യാഭ്യാസവകുപ്പിന്റെ വിരോധാഭാസരൂപമായ കണക്കും കുറെയാളുകളെങ്കിലും ഓർക്കുന്നുണ്ടാവും. ഇതൊക്കെക്കൂടിവെച്ച്, കേരളത്തിൽ നിരക്ഷരതയെന്നൊരു പ്രശ്നമില്ലെന്നും, അതിനാൽ സാക്ഷരതാപ്രചാരത്തിന്നുവേണ്ടി പ്രത്യേകിച്ചൊരു പരിശ്രമവും കേരളത്തിൽ ആവശ്യമില്ലെന്നും ഉള്ള നിഗമനത്തിലാണ് നമ്മുടെ സർക്കാർ, പ്രത്യേകിച്ച് വികസന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുന്നതിന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ, എത്തിച്ചേർന്നിരിക്കുന്നത്. ഇക്കഴിഞ്ഞ നാലു പഞ്ചവത്സരപദ്ധതികളിലും നിരക്ഷരതാ നിവാരണത്തിന്ന് ഒരു പരിശ്രമവും കേരളത്തിൽ നടക്കുകയുണ്ടായില്ല എന്ന കാര്യം ശ്രദ്ധിക്കുക. 2440 കോടി രൂപ മതിപ്പു ചെലവുള്ള അഞ്ചാം പഞ്ചവത്സരപദ്ധതിയുടെ കരടു രേഖയിൽ നിരക്ഷരതാ നിവാരണത്തിന്നുവേണ്ടി ഒരൊററ പൈസപോലും വകയിരുത്തിയിട്ടില്ല എന്ന സംഗതിയും മറക്കാതിരിക്കുക.

ഇന്ത്യയുടെ മററു ചില ഭാഗങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒട്ടു ലഘുവെന്നു തോന്നാമെങ്കിലും, ലോകത്തിലെ പരിഷ്കൃതരാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അത്യന്തം ഭയാനകവും, എല്ലാവിധ പുരോഗതികൾക്കും തടസ്സമായി വർത്തിക്കുന്നതുമായ കേരളത്തിന്റെ നിരക്ഷരതയെപ്പററി ശരിയായ ബോധം നമ്മുടെ ഭരണകർത്താക്കളിലും, പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ബുദ്ധിജീവികൾക്കിടയിലും, നിരക്ഷരതകൊണ്ട് അന്ധകാരമയമായ ജീവിതം നയിക്കുന്നതിന്ന് ശപിക്കപ്പെട്ട ജനലക്ഷങ്ങളിലും ഉളവാക്കിയാലല്ലാതെ, ഈ പ്രശ്നത്തിന്റെ പരിഹാരത്തിന്ന് ഒരു ചെറിയ കാൽവെയ്പുപോലും ഇവിടെ ഉണ്ടാവുക അസാധ്യമായിരിക്കും.

### സാക്ഷരതയെന്നാൽ എന്ത്?

"നിങ്ങൾക്ക് എഴുതാനും വായിക്കാനും അറിയാമോ?" എന്ന ചോദ്യത്തിന്ന് "ഇല്ല" എന്ന് ഉത്തരം നൽകുന്ന ഒരാളെ ജനസംഖ്യക്കണക്കെടുപ്പുകാർ നിരക്ഷരനെന്ന് കണക്കാക്കി വന്നിരുന്നു. സ്വന്തം പേർ എഴുതാൻ കഴിവുള്ളവനെ, അയാൾക്ക് മറെറാന്നും അറിഞ്ഞുകൂടെങ്കിലും, സാക്ഷരനായി കണക്കിൽ ചേർക്കുകയും പതിവായിരുന്നു. ഈ സമ്പ്രദായം തെററാണെന്നു സ്പഷ്ടമാണല്ലോ. അതിനാൽ 1971 ലെ ജനഗണനയിൽ സാക്ഷരതത്തിന്റെ മാനദണ്ഡമായി പരിഗണിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടത് ഒരു കത്തു വായിച്ച് മനസ്സിലാക്കാനും അതിന്നു മറുപടി എഴുതാനുമുള്ള കഴിവായിരുന്നു. ഈ കഴിവ് ഓരോരുത്തർക്കും ഉണ്ടോ എന്ന് പരിശോധിക്കുവാൻ, തിരക്കിട്ടു ജനസംഖ്യക്കണക്കെടുക്കുന്നവർക്ക് സൗകര്യമോ ക്ഷമയോ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇതി

ന്റെ അർത്ഥം, സെൻസസ് റിപ്പോർട്ടുപ്രകാരം സാക്ഷരരായവരിൽ പലരും യഥാർത്ഥത്തിൽ നിരക്ഷരരായിരിക്കാൻ വഴിയുണ്ട് എന്നത്രേ. സെൻസസ് കണക്കുകളെ ഇക്കാര്യത്തിൽ കണ്ണടച്ചു വിശ്വസിച്ചുകൂടാ.

## സ്കൂൾവിദ്യാഭ്യാസത്തിൽ

കുറച്ചുകൂടി അർത്ഥവത്തും പ്രായോഗികവും ഇന്നത്തെ പരിതഃസ്ഥിതിയിൽ സംഗതവുമായ സാക്ഷരതയുടെ നിർവചനം ഇതാണ്: ഏഴുവർഷത്തെ സ്കൂൾ വിദ്യാഭ്യാസമോ, അതിനു തുല്യമായ സ്കൂൾപ്പുറവിദ്യാഭ്യാസമോ നേടിയ ഒരാളെ സാക്ഷരനെന്നു പറയാം. ഈ നിർവചനമനുസരിച്ച് കണക്കാക്കിയാൽ കേരളത്തിലെ സാക്ഷരതാശതമാനം സെൻസസ് കണക്കിലുള്ളതിനേക്കാൾ എത്രയോ താഴ്ന്നുപോകാനാണ് സാദ്ധ്യത. പരിഷ്കൃതരാജ്യങ്ങളിൽ ഏറെക്കുറെ സെക്കണ്ടറി വിദ്യാഭ്യാസം (പത്തോ പതിനൊന്നോ പന്ത്രണ്ടോ കൊല്ലത്തെ വിദ്യാഭ്യാസം) സാർവത്രികമായിത്തീർന്നിരിക്കുന്നു എന്നും, ശാസ്ത്രീയവിജ്ഞാനത്തിന്റെയും സാങ്കേതിക വിദ്യയുടേയും ജനാധിപത്യത്തിന്റേയുമായ ആധുനിക യുഗത്തിൽ ഫലപ്രദമായി ജീവിക്കാനും പൗരന്റെ കർത്തവ്യങ്ങൾ നിറവേറ്റാനും ഓരോ വ്യക്തിക്കും ചുരുങ്ങിയതു് സെക്കണ്ടറിവിദ്യാഭ്യാസമെങ്കിലും അനുപേക്ഷണീയമാണ് എന്നും ഈ ഘട്ടത്തിൽ ഓർക്കേണ്ടതുണ്ട്. ഏഴുവർഷത്തെ പ്രാഥമികവിദ്യാഭ്യാസം നേടിയ ഒരാൾക്ക്, തുടർച്ചയായുള്ള സ്കൂൾപ്പുറവിദ്യാഭ്യാസത്തിന് സൗകര്യങ്ങളുണ്ടെങ്കിൽ, സെക്കണ്ടറിനിലവാരത്തിൽ സ്വപ്രയത്നംകൊണ്ട് എത്തിച്ചേരാം എന്ന അർത്ഥത്തിലാണ് ഏഴുവർഷത്തെ പ്രാഥമികവിദ്യാഭ്യാസം നിർബന്ധവും സൗജന്യവുമാക്കണമെന്നു വാദിക്കുന്നതു്. ഏഴുവർഷത്തെ പ്രാഥമികവിദ്യാഭ്യാസമോ, അതിൽനിന്നു ലഭിക്കുന്ന അറിവിനു തുല്യമായ അറിവോ, പ്രവൃത്ത്യുന്മുഖസാക്ഷരതയുടെ നിർവചനമായി സ്വീകരിക്കുന്നതും ഇക്കാരണത്താൽത്തന്നെ.

## കേരളത്തിൽ നിരക്ഷരർ

ഇന്ത്യയിൽ 1971 ൽ 55 കോടി ജനങ്ങളുണ്ടായിരുന്നു. ഇവരിൽ 70 ശതമാനം, അതായതു മുപ്പത്തെട്ടുകോടി അറുപതുലക്ഷം ജനങ്ങൾ, മുൻപറഞ്ഞ അർത്ഥത്തിലല്ല, ഒരക്ഷരവും എഴുതാനോ വായിക്കാനോ അറിയാത്തവരെന്ന ലളിതമായ അർത്ഥത്തിൽതന്നെ, നിരക്ഷരരായിരുന്നു. ഓരോ വർഷത്തിലും ഇന്ത്യയിൽ ഒരു കോടിയോളം ജനങ്ങൾ പുതുതായി പിറക്കുന്നുണ്ട്. അതേ അവസരത്തിൽ, പുതുതായി സാക്ഷരത്വം നേടുന്നവർ അരക്കോടിയിൽ താഴെ മാത്രമാണ്. അതിനാൽ ഇന്ത്യയിൽ ഒരു കൊല്ലത്തിൽ നിരക്ഷരരുടെ സംഖ്യ അരക്കോടിയിലധികം വർധിക്കുന്നു. നാലു വർഷംകൊണ്ട് കേരളംപോലെയുള്ള ഒരു സ്റ്റേറ്റിലെ ആകെ ജനസംഖ്യയോളം പുതിയ നിരക്ഷരർ ഇന്ത്യയിലുണ്ടാകുന്നു. 1947 ൽ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുമ്പോൾ ഇന്ത്യയിലാകെ ഉണ്ടായിരുന്നതു് മുപ്പത്തഞ്ചുകോടി ജനങ്ങളാണ്. അന്നത്തെ സാക്ഷരരും നിരക്ഷരരുമടങ്ങിയ ആകെ ജനങ്ങളേക്കാൾ മൂന്നുകോടി അധികമാണ് ഇന്ന് ഇന്ത്യയിലെ നിരക്ഷരരുടെ മാത്രം സംഖ്യ. ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിൽ ഏററവുമധികം സാക്ഷരരുള്ളതു് കേരളത്തിലാണ്: 60.16 ശതമാനം; ഏററവും കുറച്ചു സാക്ഷരരുള്ളതു് കാശ്മീരിലും: 18.3 ശതമാനം.

കേരളത്തിൽ 1951 ൽ 135.49 ലക്ഷം ജനങ്ങളുണ്ടായിരുന്നു. ഇവരിൽ 59.3 ശതമാനം നിരക്ഷരരായിരുന്നു: ആകെ 81.2 ലക്ഷം. 1961 ൽ ജനസംഖ്യ 169.03 ലക്ഷമായിരുന്നു. നിരക്ഷരതയുടെ ശതമാനം 53.8 ആയി കുറഞ്ഞെങ്കിലും നിരക്ഷരരുടെ സംഖ്യ 90.9 ലക്ഷമായി വർദ്ധിച്ചു. പത്തുവർഷം കൂടി കഴിഞ്ഞു് 1971 ൽ ജനസംഖ്യ 213.47 ലക്ഷമായി വർധിച്ചു. നിരക്ഷരതാശതമാനം 53.8 ൽ നിന്ന് 39.84 ആയും നിരക്ഷരരുടെ കേവലസംഖ്യ 84.7 ലക്ഷമായും കുറഞ്ഞു. ഇതു് ഔദ്യോഗിക കണക്കുകളാണ്. ജനഗണനയിൽ സാക്ഷരതയുടെ നിർവചനം എത്ര അപര്യാപ്തമെന്നും, സാക്ഷരരേയും നിരക്ഷരരേയും വേർതിരിച്ചു രേഖപ്പെടുത്തുക എത്ര കൃച്ഛ്രസാധ്യമെന്നും നാം കണ്ടുകഴിഞ്ഞു. അതിനാൽ യഥാർത്ഥ നിരക്ഷരർ കേരളത്തിൽ 85 ലക്ഷത്തിലും എത്രയോ അധികമുണ്ടാവാനാണ് സാധ്യത.

## നിരക്ഷരരുടെ പ്രതിവർഷ വർധന

പ്രാഥമിക വിദ്യാഭ്യാസപ്രായമായ ആറു മുതൽ പതിനൊന്നുവരെ വയസ്സുള്ള കുട്ടികളിൽ നൂറെട്ടുശതമാനം കേരളത്തിലെ പ്രാഥമികവിദ്യാലയങ്ങളിൽ പോകുന്നുണ്ടെന്നാണ് വിദ്യാഭ്യാസവകുപ്പ് അവകാശപ്പെടുന്നതു്. ഈ സ്ഥിതിവിശേഷം 1960-നു ശേഷം കണ്ടുതുടങ്ങിയതാണ്. ആറുവയസ്സിനു താഴേയും പതിനൊന്നുവയ

സ്സിന്നു മേലേയും ഉള്ള എത്രയോ കുട്ടികൾ പ്രാഥമികവിദ്യാലയങ്ങളിൽ പോകുന്നതാണ് കണക്കിലെ ഈ വിരോധാഭാസത്തിന്നു കാരണം. യഥാർത്ഥത്തിൽ സ്കൂൾ പ്രായത്തിലുള്ള കുട്ടികളിൽ 100 ശതമാനവും സ്കൂളിൽപോകുന്നില്ല. അവരിൽ കുറെ കുട്ടികളെങ്കിലും സ്കൂൾ കാണാത്തവരായുണ്ട്. നിരക്ഷരതയിൽത്തന്നെ ജീവകാലം മുഴുവൻ കഴിച്ചുകൂട്ടുവാൻ ശപിക്കപ്പെട്ട ഇവരുടെ എണ്ണം തിട്ടമായി അറിഞ്ഞുകൂടാ.

ഇനി, സ്കൂളിൽചേർന്ന കുട്ടികൾ മുഴുവൻ സാക്ഷരരാകുന്നുണ്ടോ? അതുമില്ല. ഒന്നാംക്ലാസ്സിൽ ചേരുന്ന നൂറുവിദ്യാർത്ഥികളിൽ എട്ടുപേർ മാത്രമാണ് എസ്. എസ്. എൽ. സി. യിലെത്തുന്നത്. ആദ്യത്തെ നാലുവർഷം തുടർച്ചയായി സ്കൂളിൽ പഠിക്കുന്നത് 76 പേർ മാത്രമാണ്; അവരിൽ 31 പേർ മാത്രമേ അഞ്ചാംസ്റ്റാൻഡേർഡിലെത്തുന്നുള്ളു. ഇതിന്നർത്ഥം സ്കൂളിൽചേരുന്ന നൂറുപേരിൽ, നാലാംക്ലാസ്സിൽ ജയിക്കാത്ത 69 പേർക്കും വളരെ അപര്യാപ്തമായ സാക്ഷരത്വം മാത്രമേ ലഭിക്കുന്നുള്ളു എന്നാണ്. പ്രൈമറി ക്ലാസ്സുകളിൽനിന്ന് ആണ്ടോടാണ്ട് 3,67,778 വിദ്യാർത്ഥികൾ കേരളത്തിൽ "ചോർന്നു്" പോകുന്നതായി ഒരു കണക്ക് കാണുകയുണ്ടായി. (കേരളകൗമുദി, 9 ജൂൺ, 1973) ഇതു ശരിയാണെങ്കിൽ, നമ്മുടെ സ്റ്റേറ്റിലെ എൺപത്തഞ്ചുലക്ഷം നിരക്ഷരരുടെ പാളയത്തിലേക്ക് ആണ്ടോടാണ്ട് കുറഞ്ഞപക്ഷം മൂന്നരലക്ഷത്തിലധികംപേർ പുതുതായി റിക്രൂട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതു് വളരെ മിതമായ ഒരു കണക്കുകൂട്ടലാണ്. സ്കൂളുകളിൽ തീരെ ചേരാത്തവരും ചേർന്നശേഷം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ചോർന്നു പോവുന്നവരുമടക്കം ചുരുങ്ങിയതു് അഞ്ചുലക്ഷം പേരെങ്കിലും നമ്മുടെ സ്റ്റേറ്റിൽ ആണ്ടുതോറും പുതുതായി നിരക്ഷരത്വത്തിലേക്കു് ഇറങ്ങി നീങ്ങുന്നുണ്ടെന്നാണ് എന്റെ മതിപ്പ്.

സ്കൂൾ വിദ്യാഭ്യാസം എത്രതന്നെ വ്യാപകവും കാര്യക്ഷമവുമാക്കിയാലും, നിരക്ഷരരുടെ സംഖ്യ കേരളത്തിൽ ആണ്ടുതോറും വർദ്ധിച്ചുകൊണ്ടു ഇരിക്കുമെന്നും, ഈ സ്ഥിതിക്കു പരിഹാരമുണ്ടാകണമെങ്കിൽ അതിന് സ്കൂൾ വിദ്യാഭ്യാസത്തിന്നുപുറമെ പുതിയ തന്ത്രങ്ങൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു എന്നും ഇതിൽനിന്നും വ്യക്തമാണ്.

## രണ്ടു സമീപനങ്ങൾ

രണ്ടു വ്യത്യസ്ത സമീപനങ്ങൾ അംഗീകരിച്ചുവേണം ഈ പ്രശ്നം പരിഹരിക്കുവാൻ. ഒന്നാമത്തെ സമീപനം സ്കൂൾ വിദ്യാഭ്യാസത്തിന്നു പുറത്തുള്ള പ്രവൃത്ത്യന്മുഖ സാക്ഷരതാ പദ്ധതിയുടേതാണ്. നാട്ടിലെങ്ങുമുള്ള പതിനെട്ടും നാല്പത്തെട്ടും വയസ്സിന്നിടയിലുള്ള നിരക്ഷരരെ സംഘടിപ്പിച്ച് അവർക്ക് ചുരുങ്ങിയതു് ഒരു കൊല്ലത്തെ ശിക്ഷണം നൽകുന്നതുവഴി, നിരക്ഷരത്വത്തിന്റെ സ്ഥിരം പാളയത്തിലേക്ക് ഒരു കടന്നാക്രമണം നടത്തലാണ് പ്രവൃത്ത്യന്മുഖ സാക്ഷരതാപദ്ധതി കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ഇതു് കാര്യക്ഷമമായും ദേശവ്യാപകമായും സംഘടിപ്പിക്കണം; ഒരു നിശ്ചിത കാലാവധിക്കുള്ളിൽ രാജ്യത്തുനിന്ന് നിരക്ഷരത തുടച്ചുമാറ്റുമെന്ന ദൃഢനിശ്ചയത്തോടെ ഇതിനായി പ്രവർത്തിക്കുകയും വേണം. സാക്ഷരത്വത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പ്രദേശങ്ങളിൽ (ഉദാ: പാലക്കാട്ടുജില്ലയിലെ മണ്ണാർക്കാട്ട് താലൂക്ക്, ഇവിടെ സർക്കാർ കണക്കുപ്രകാരം സാക്ഷരത 38.5 ശതമാനം മാത്രമാണ്) ഈ പദ്ധതി തികച്ചും ഊർജ്ജിതമായി നടപ്പാക്കണം. സാക്ഷരതയുടെ പാരമ്പര്യമില്ലാത്ത ഗിരിവർഗ്ഗക്കാർ, ഹരിജനങ്ങൾ മുതലായവർക്കുവേണ്ടി ഫലപ്രദങ്ങളായ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. സ്ത്രീകളുടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും മുൻഗണന നൽകപ്പെടണം.

നിരക്ഷരതാ നിർമ്മാർജ്ജനത്തിനുള്ള രണ്ടാമത്തെ സമീപനം സ്കൂളുകളിലൂടെ നടപ്പിലാക്കേണ്ടതാണ്. സ്കൂളുകളിൽനിന്ന് കുട്ടികൾ ചോർന്നുപോകുന്നതു തടയാതെ നിരക്ഷരത തുടച്ചുനീക്കാനാവില്ലെന്ന് സ്പഷ്ടമാണല്ലോ. ചോർച്ച തടയാൻ പ്രാഥമിക വിദ്യാലയങ്ങളിൽ പ്രത്യേകം ഏർപ്പാടുണ്ടാക്കണം. സ്കൂളുകളിൽനിന്ന് ചോർന്നുപോകുന്ന കുട്ടികളെ തേടിപ്പിടിച്ച് അവർക്ക് അഞ്ചുകൊല്ലത്തെ സ്കൂൾ പഠിപ്പിനു തുല്യമായ പഠിപ്പ് നൽകുന്നതിന്, അതിനുമാത്രം ഉത്തരവാദപ്പെട്ട അയ്യായിരം അധ്യാപകരെ പ്രാഥമിക വിദ്യാലയങ്ങളിൽ നിയമിക്കാനുള്ള ഒരു പരിപാടി തമിഴ്നാട് ഗവർമ്മേണ്ടു് ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലും ഇതു് നടപ്പിലാക്കാവുന്നതാണ്. ചോർന്നുപോയ വിദ്യാർത്ഥികളിൽ സാധിക്കുന്നവരെയെല്ലാം സ്കൂളിൽ തിരിച്ചുകൊണ്ടുവരുകയും, അതിനു സാധിക്കാത്തവരെ സ്കൂൾ സമയത്തിനു പുറത്തു്,

സ്കൂളിലോ വീട്ടിലോ വെച്ച്, പഠിപ്പിക്കുകയും വേണം.

സ്കൂളുകളിൽനിന്ന് കുട്ടികൾ ചോർന്നുപോകുന്നതിന്റെ ഒരു കാരണം പരീക്ഷകളിലെ തോൽവിയാണ്. ഒരേ ക്ലാസ്സിൽ തോറ്റുതോറ്റു കിടക്കുന്ന വിദ്യാർത്ഥികളുടെ ദൌർബല്യം മനസ്സിലാക്കി അവർക്ക് പ്രത്യേക ശിക്ഷണം നൽകാൻ ഏർപ്പാടുണ്ടാവണം. കൈത്തൊഴിലിന്നും ഡ്രില്ലിന്നും മറ്റും അധ്യാപകരെ നിയമിക്കുന്നതുപോലെ. ഇത്തരം സ്ഥിരം തോൽവിക്കാരുടെ കാര്യം ശ്രദ്ധിക്കുവാനായും ഒന്നോ രണ്ടോ അധ്യാപകരെ ഓരോ സ്കൂളിലും നിയമിക്കുന്നത് ഒരിക്കലും വ്യർത്ഥമാകയില്ല. ഇവർ നേരിട്ടോ, അതാതു ക്ലാസ്സിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തിയോ, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഉയർത്തി മുഖ്യപ്രവാഹത്തിലേക്ക് ആനയിക്കേണ്ടതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം സ്ഥിരമായി കൊടുക്കുന്നതും വിദ്യാർത്ഥികളുടെ ചോർച്ച വലിയൊരളവുവരെ തടയാൻ ഉപകരിക്കും.

## കേരളത്തിന്റെ പ്രകൃതിസിദ്ധമായ മെച്ചം

ഇങ്ങനെ നമുക്കു പഴയകാലത്തിന്റെ പൈതൃകമായി ലഭിച്ച നിരക്ഷരത്വത്തിന്റെ വൃത്തികെട്ട ചളുപ്പുതടാകം വററിച്ചും, അതിലേയ്ക്ക് കൂടുതൽ വെള്ളം ആണ്ടുതോറും ഒഴുക്കിക്കൊണ്ടുവരുന്ന നീർച്ചാലുകൾ അടച്ചും ജനതയെ മുഴുവൻ സാക്ഷരരാക്കാനുള്ള വിഭവശേഷി കേരളത്തിന്നുണ്ട്. ഒരർത്ഥത്തിൽ ഈ വിഭവശേഷി ഇന്ത്യയിൽ ഇന്നുള്ളതു കേരളത്തിന്ന മാത്രമാണ്. കൃഷിയിലായാലും വ്യവസായത്തിലായാലും മററു രംഗങ്ങളിലായാലും നമുക്കു പ്രകൃതിദത്തമായുള്ള മെച്ചങ്ങളിൽ നാം ഊന്നുകയും അവയെ പരമാവധി പ്രയോജനപ്പെടുത്തുകയും വേണമല്ലോ. അഭ്യസ്തവിദ്യരെങ്കിലും തൊഴിലില്ലാത്ത വളരെയധികം ചെറുപ്പക്കാർ നമ്മുടെ ഇടയിലുണ്ട്. ഇവരെ രാജ്യത്തിന്റെ ശാപമായി ഗണിക്കാതെ, പ്രകൃതിദത്തമായ ഒരനുഗ്രഹമായി നാം കണക്കാക്കുക, ഈ യുവാക്കളെ സംഘടിപ്പിച്ച്, സക്രിയരാക്കി, ആ വഴിക്ക് ഈ രാജ്യത്തിന്റെ ഒരു മഹാശാപവും എല്ലാ പുരോഗതിക്കും പ്രതിബന്ധവുമായ നിരക്ഷരതയെ ഈ നാട്ടിൽനിന്ന് അഞ്ചോ പത്തോ കൊല്ലങ്ങൾക്കിടയിൽ നമുക്കു നിർമാർജനം ചെയ്യുക; അങ്ങിനെ ഇന്ത്യക്കു മുഴുവൻ ഒരു ഉജ്ജ്വല മാതൃക നാം പ്രവൃത്തിയിലൂടെ സമർപ്പിക്കുക.

ഈ രാജ്യത്തിലെ അഭ്യസ്തവിദ്യനും ദേശാഭ്യുദയകാംക്ഷിയുമായ ഓരോ പൌരന്റേയും ശ്രദ്ധ ഈ പ്രശ്നത്തിലേക്കു ഞാൻ ക്ഷണിക്കുന്നു. നിരക്ഷരതയെന്ന പ്രശ്നം വളരെ ഭീമമാണ്; പക്ഷേ അതിന്നു പരിഹാരമുണ്ട്. നിശ്ചിതമായ ഒരു പരിപാടിയിലൂടെ പരിമിതമായ സമയത്തിന്നുള്ളിൽ ഈ പ്രശ്നം പരിഹരിക്കാൻ നമുക്കു കഴിയും. നാം അതിന്ന് തയ്യാറാകണമെന്നു മാത്രം.

നിരക്ഷരത സംബന്ധിച്ച് ഇതുവരെ നാം തുടർന്നുവന്ന ഔദാസീന്യവും അലംഭാവവും ഉടൻ മാറേണ്ടിയിരിക്കുന്നു. അഞ്ചാം പഞ്ചവത്സരപദ്ധതിയിലെങ്കിലും ഈ പ്രശ്നത്തെ കേരള ഗവമ്മേണ്ട് അതിന്റെ ശരിയായ രൂപത്തിൽ കണക്കിലെടുക്കുകയും നിരക്ഷരതാനിവാരണത്തിന്നുള്ള ഒരു പരിപാടി ആത്മാർത്ഥതയോടെ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും വേണം. ഇതിന്നായി അഞ്ചാംപദ്ധതിയുടെ കരടുരേഖയിൽ ആവശ്യമായ തിരുത്തൽ ഇപ്പോഴുംതന്നെ വരുത്തണം. സക്കാരിന്റേയും ആസൂത്രകരുടെയും ശ്രദ്ധ ഇതിലേക്കു പതിയാൻ സംഘടിതമായ പ്രക്ഷോഭണം ആരംഭിച്ചേ മതിയാവൂ. തങ്ങൾ അകപ്പെട്ടിരിക്കുന്ന ദുഃസ്ഥിതിയുടെ ആഴത്തെപ്പററിയുള്ള ബോധം നമ്മുടെ നിഷ്ക്രിയരായ നിരക്ഷരരിലുളവാക്കുന്നതാണ് ഏററവും പ്രധാനം. ഇതിന്നായി വ്യാപകമായ ഒരു ബോധനപ്രസ്ഥാനം ഉണ്ടാകേണ്ടിയിരിക്കുന്നു. അത്തരമൊരു പ്രക്ഷോഭണത്തിന്റെയും ബോധനപ്രസ്ഥാനത്തിന്റെയും നാന്ദിയാകട്ടെ ഈ സമ്മേളനം!

[illegible] 85 col.
[illegible] 5 col.
[illegible]